REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 20-01-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- 2032 ആകുമ്പോഴേക്കും ഉഭയകക്ഷി വ്യാപാരം ഇരുനൂറ് ബില്യൺ ഡോളറായി വർദ്ധിപ്പിക്കാൻ ഇന്ത്യ - UAE ധാരണ.
- പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ഇന്ന് തുടക്കമാകും.
- ഉത്സവ സീസണുകളിലും മറ്റും വിമാനക്കമ്പനികൾ അമിതമായ ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ചൂഷണമെന്നും ഇതിൽ ഇടപെടുമെന്നും സുപ്രീം കോടതി.
- BJP വർക്കിങ് പ്രസിഡന്റ് നിതിൻ നബിൻ പാർട്ടി ദേശീയ അധ്യക്ഷ പദവിയിലേക്ക്. ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ഇന്നുണ്ടാകും.
- ഖേലോ ഇന്ത്യ വിന്റർ ഗെയിംസ് 2026 ന്റെ ആദ്യ ഘട്ടം ഇന്ന് ലഡാക്കിലെ ലേയിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

**2032 ആകുമ്പോഴേക്കും ഉഭയകക്ഷി വ്യാപാരം ഇരുനൂറ് ബില്യൺ ഡോളറായി വർദ്ധിപ്പിക്കാൻ ഇന്ത്യയും UAE യും തമ്മിൽ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും UAE പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിൽ ന്യൂഡൽഹിയിൽ നടത്തിയ പ്രതിനിധിതല ചർച്ചയിലാണ് തീരുമാനം.**

പ്രതിരോധം, ബഹിരാകാശം, ഊർജ്ജം, ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിൽ ഇന്ത്യയും UAE യും തമ്മിൽ നിരവധി കരാറുകളിൽ ഒപ്പുവച്ചു. ഇരുരാജ്യങ്ങളും തമ്മിലെ തന്ത്രപര പ്രതിരോധ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ധാരണാപത്രം ഒപ്പുവച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷം വിദേശകാര്യ സെക്രട്ടറി വിക്രംമിസ്രി അറിയിച്ചു. HPCL ഇന്ത്യയും അഡ്നോക് ഗ്യാസ് UAE യും തമ്മിൽ വിൽപ്പന, വാങ്ങൽ കരാറിൽ ഒപ്പുവച്ചതായും മിസ്രി വ്യക്തമാക്കി.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ഇന്ന് തുടക്കമാകും.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.....(വോയ്സ്)...........

✪✪✪

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത്താവാലെ രണ്ടു ദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. നാളെ രാവിലെ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കണ്ണൂർ ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ കേന്ദ്ര സഹമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും.

കരുവഞ്ചാൽ വോളിബോൾ സ്റ്റേഡിയത്തിൽ ഡോക്ടർ രാജീവ് മേനോൻ ട്രോഫി ദേശീയ വോളിബോൾ ടൂർണമെന്റ് വൈകിട്ട് അദ്ദേഹം ഉദ്ഘാടനം ചെയ്യും.

22-ന് രാവിലെ രാംദാസ് അത്താവാലെ കോഴിക്കോട്ടേക്ക് പോകും.

✪✪✪

ഉത്സവ സീസണുകളിലും മറ്റും വിമാനക്കമ്പനികൾ അമിതമായ ടിക്കറ്റ് നിരക്ക് ഈടാക്കുന്നതിൽ ഇടപെടുമെന്ന് സുപ്രീം കോടതി. വിമാനക്കമ്പനികളുടെ ഈ നടപടി ചൂഷണമാണെന്ന് ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. വിമാന നിരക്കുകൾ നിയന്ത്രിക്കാൻ കൃത്യമായ മാർഗനിർദ്ദേശങ്ങൾ

വേണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജിപരിഗണിക്കവെയാണ് കോടതിയുടെ നിരീക്ഷണം.

വിഷയത്തിൽ മറുപടി നൽകാൻ കേന്ദ്ര ഗവൺമെന്റിനും ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനും കോടതി നിർദ്ദേശം നൽകി.

✪✪✪

ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമം രാജ്യത്തിനെതിരായ അതിക്രമമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ 70-ാം വാർഷികത്തിന് സമാപനം കുറിച്ച് കൊല്ലത്ത് നടന്ന അവകാശ സംരക്ഷണ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷ വർഗീയതയും എതിർക്കപ്പെടേണ്ടതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ അവകാശ സംരക്ഷണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

✪✪✪

ചിന്താശേഷിയും ബുദ്ധികൂർമതയും ശക്തിപ്പെടുത്താൻ വായന അനിവാര്യമാണെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. കോഴിക്കോട് ജില്ലയിൽ അക്ഷരോന്നതി പദ്ധതിയുടെ ഭാഗമായി പട്ടികവർഗ സാമൂഹിക പഠനമുറികളിലും ഹോസ്റ്റലുകളിലും സ്ഥാപിക്കുന്ന 16 ലൈബ്രറികളുടെ പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പുസ്തകങ്ങൾ ശേഖരിക്കാൻ സഹായിച്ച NSS യൂണിറ്റുകളെയും, സ്കൂളുകളെയും, കോളേജുകളെയും സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.

✪✪✪

വിദ്യാർഥികളുടെയും, അധ്യാപകരുടെയും രക്ഷിതാക്ക ളുടെയും കൂട്ടായ പരിശ്രമവും സമർപ്പണവുമാണ് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂരിന് സ്വർണകിരീടം കരസ്ഥമാക്കാൻ സഹായിച്ചതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

സ്വർണ്ണകിരീടം നേടിയ കണ്ണൂർ ടീമിന് ടൗൺസ്ക്വയറിൽ നൽകിയ സ്വീകരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ജില്ലാ അതിർത്തിയായ മാഹിയിൽ നിന്ന് വിവിധ കേന്ദ്രങ്ങളിലെ സ്വീകരണം ഏറ്റുവാങ്ങിയാണ് ടീം അംഗങ്ങൾ കണ്ണൂരിലെത്തിയത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാതിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും My Gov, നമോ App എന്നിവയിലൂടെയോ 1800 - 11 - 7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

✪✪✪

തീരദേശ സുരക്ഷയെക്കുറിച്ച് അവബോധം വളർത്തുന്നതിനും ദേശീയ ഐക്യം ദൃഢമാക്കുന്നതിനുമായി CISF സംഘടിപ്പിക്കുന്ന 'വന്ദേമാതരം കോസ്റ്റൽ സൈക്ലോത്തൺ - 2026 ഈ മാസം 28ന് ഡൽഹിയിൽ തുടങ്ങും. കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് സൈക്ലത്തോൺ ഫ്ലാഗ് ഓഫ് ചെയ്യും. “സുരക്ഷിത തീരം, സമൃദ്ധ ഭാരതം” എന്നതാണ് ഈ വർഷത്തെ സൈക്ലോത്തണിന്റെ പ്രമേയം.

65 വനിതകൾ ഉൾപ്പെടെ 130 CISF ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന സൈക്ലത്തോൺ 25 ദിവസം കൊണ്ട് 6,553 കിലോമീറ്റർ ദൂരം പിന്നിടും. രണ്ട് ടീമുകളായാണ് യാത്ര തിരിക്കുന്നത്. ഒരു ടീം ഗുജറാത്തിലെ കച്ച് ലഖ്പത് കോട്ടയിൽ നിന്ന് പടിഞ്ഞാറൻ തീരം വഴിയും, രണ്ടാമത്തെ ടീം പശ്ചിമ ബംഗാളിലെ ബഖാലിയിൽ നിന്ന് കിഴക്കൻ തീരം വഴിയും യാത്ര തുടങ്ങും.

ഇരു ടീമുകളും അടുത്തമാസം 22-ന് കൊച്ചിയിൽ സംഗമിക്കുന്നതോടെ സൈക്ലോത്തൺ സമാപിക്കും.

✪✪✪

BJP വർക്കിങ് പ്രസിഡന്റ് നിതിൻ നബിൻ ദേശീയ അധ്യക്ഷ പദവിയിലേക്ക്. ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ഇന്ന് ഉണ്ടാകും. അധ്യക്ഷ സ്ഥാനത്തേയ്ക്ക് നിതിൻ നബിന്റെ പേര് മാത്രമാണ് ഉയർന്നുവന്നതെന്ന് ദേശീയ വരണാധികാരി K.ലക്ഷ്മൺ അറിയിച്ചു.

നിതിൻ നബിന് അനുകൂലമായി 37 സെറ്റ് നാമനിർദ്ദേശ പത്രികകൾ ലഭിച്ചതായി അദ്ദേഹം പറഞ്ഞു. നിലവിലെ അധ്യക്ഷൻ JP നദ്ദ, കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ്, നിതിൻ ഗഡ്കരി, പാർലമെന്ററി പാർട്ടി ബോർഡിലെ മറ്റ് അംഗങ്ങൾ എന്നിവർ അധ്യക്ഷ സ്ഥാനത്തേയ്ക്ക് നിതിൻ നബിന്റെ പേരാണ് നിർദേശിച്ചത്.

ദേശീയ, സംസ്ഥാന കൗൺസിലുകളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഇലക്ടറൽ കോളേജാണ് BJP യുടെ ദേശീയ അധ്യക്ഷനെ തിരഞ്ഞെടുക്കുന്നത്.

✪✪✪

ഇത്തവണത്തെ ശബരിമല തീർഥാടനത്തിന് സമാപനം കുറിച്ച് ക്ഷേത്രനട രാവിലെ അടച്ചു. രാവിലെ അഞ്ചിന് നടതുറന്നശേഷം ഗണപതി ഹോമവും തുടർന്ന് സന്നിധാനത്ത് പന്തളം രാജപ്രതിനിധി അയ്യനെ ദർശിച്ച ശേഷം 18-ാം പടിയിറങ്ങി. തുടർന്ന് മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി നടയടച്ചശേഷം 18-ാം പടിക്ക് താഴെയെത്തി ആചാരപരമായ ചടങ്ങുകൾ നടന്നു.

മേൽശാന്തി പന്തളം രാജപ്രതിനിധിക്ക് നൽകിയ താക്കോൽക്കൂട്ടവും മാസപൂജക്കായെന്ന സങ്കൽപത്തിൽ പണക്കിഴിയും രാജപ്രതിനിധി മേൽശാന്തിക്ക് തിരികെ കൈമാറുന്ന ചടങ്ങും നടന്നു.

✪✪✪

കുംഭ മേളയോടനുബന്ധിച്ച് മലപ്പുറം തിരുനാവായയിലെ ഭാരതപ്പുഴയോരത്ത് നിളാ ആരതി ആരംഭിച്ചു. കാശിയിലെ ദാശാശ്വമേധ ഘാട്ടിലെ ഗംഗാ ആരതി നിർവഹിക്കുന്ന പണ്ഡിറ്റുകൾ തന്നെയാണ് ഈ അപൂർവ നദീപൂജയ്ക്ക് നേതൃത്വം നൽകുന്നത്.

ഉത്തരേന്ത്യയിലെ ഏറ്റവും പ്രശസ്തമായ നദീപൂജാരീതികൾ പുണ്യനദിയായ ഭാരതപ്പുഴയ്ക്ക് സമർപ്പിക്കപ്പെടുന്ന ചരിത്ര നിമിഷമാണിത്.

✪✪✪

കണ്ണൂർ പള്ളിക്കുന്നിലെ സെൻട്രൽ ജയിലിലെ പമ്പിൽ നിന്ന് ഇന്ധനം സമീപത്തെ വീടുകളിലെ കിണർ വെള്ളത്തിൽ എത്തുന്നുവെന്ന പരാതിയിൽ പമ്പിലെ ഇന്ധന ടാങ്കുകളുടെ സമ്മർദ്ദ പരിശോധന തുടങ്ങി. ജനപ്രതിനിധികളുടെയും മറ്റും സാനിധ്യത്തിലാണ് പരിശോധന.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

....(വോയ്സ്)........

✪✪✪

വേലോ ഇന്ത്യ വിന്റർ ഗെയിംസ് 2026 ന്റെ ആദ്യ ഘട്ടം ഇന്ന് ലഡാക്കിലെ ലേയിൽ ആരംഭിക്കും. പരിശീലകരും സാങ്കേതിക ഉദ്യോഗസ്ഥരും ഉൾപ്പെടെ ആയിരത്തിലധികം അത്‌ലറ്റുകൾ പങ്കെടുക്കും. ഒളിമ്പിക് ഇനമായ ഫിഗർ സ്കേറ്റിംഗാണ് ഈ വർഷത്തെ ആകർഷണം.

വേലോ ഇന്ത്യ വിന്റർഗെയിംസ്, അത്‌ലറ്റുകൾക്ക് ശൈത്യകാല കായിക ഇനങ്ങളിൽ മത്സരിക്കാനും മികവ് പുലർത്താനും വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം അത്‌ലറ്റുകളോട് അഭ്യർത്ഥിച്ചു.

✪✪✪

വഡോദരയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ജയന്റ്സിനെ 61 റൺസിന് പരാജയപ്പെടുത്തി. ഇതോടെ അഞ്ചു കളിയിൽ നിന്ന് പത്ത് പോയിന്റുമായി ബംഗളൂരു പ്ലേ ഓഫിലെത്തി.

ഇന്ന് ഡൽഹി ക്യാപിറ്റൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും. വഡോദര BCA സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs : ശ്രീജി, മണികണ്ഠൻ*
*DEO : ഷീബ*